പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :3438 — 20/06/2018 ൽ മറുപടിക്ക്

## ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം ലഭിക്കുന്നതിന് കാലതാമസം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ആന്റണി ജോൺ** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് രോഗികൾക്ക് ചികിത്സാ ധനസഹായം ലഭിക്കുന്നതിന് കാലതാമസം ഒഴിവാക്കാൻ ഓൺലൈൻ സംവിധാനത്തിലൂടെ അപേക്ഷ നൽകിയിട്ടും, നാലും അഞ്ചും മാസങ്ങൾ കാത്തിരിക്കേണ്ട സ്ഥിതി ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) വിവിധ തലങ്ങളിൽ അപേക്ഷകൾ, ത്വരിതഗതിയിൽ പരിഗണിക്കപ്പെടുന്നുണ്ടോ; വ്യക്തമാക്കാമോ?<br><br>(സി) സെക്രട്ടേറിയറ്റിൽ റവന്യൂ സെക്ഷനിൽ മാസങ്ങളോളം അപേക്ഷകൾ പെൻഡിങ്ങ് വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വകുപ്പ് തലത്തിൽ ഊർജിത നടപടി സ്വീകരിച്ച് ദുരിതാശ്വാസം വേഗത്തിൽ ലഭ്യമാക്കുന്നതിനു നടപടി സ്വീകരിക്കുമോ? | (എ) & (ബി) & (സി) ധനസഹായത്തിന് അർഹതയുള്ള പൂർണ്ണമായ അപേക്ഷകളുടെ അടിയന്തിര സ്വഭാവം കണക്കിലെടുത്ത് തുക അനുവദിച്ച് വരുന്നുണ്ട്. ഇത് കൂടുതൽ വേഗത്തിലാക്കാൻ ഓൺലൈൻ സംവിധാനം നടപ്പാക്കിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 15,000 രൂപവരെ ധനസഹായം അനുവദിക്കുന്നതിന് റവന്യൂ സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ധനസഹായ വിതരണം കഴിയുന്നത്ര വേഗത്തിലാക്കാൻ തുക അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ബന്ധപ്പെട്ട ജില്ലാ കളക്ടർക്കും തഹസിൽദാർമാർക്കും ഓൺലൈനായി നൽകി വരുന്നുണ്ട്. അനുവദിക്കുന്ന തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് എത്തിക്കുന്നതിന് DBT(Direct Benefit Transfer) സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അപേക്ഷയിൽ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടുത്താനും അത് ഉറപ്പുവരുത്താനും തഹസിൽദാരെയും വില്ലേജ്ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ